# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *390 25/06/2014 ൽ മറുപടിയ്ക്ക്

## ജലസംരക്ഷണത്തിനും ശുദ്ധജലവിതരണത്തിനുമുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവവകുപ്പ മന്ത്രി) |
| (എ) ജലസംരക്ഷണത്തിനും ശുദ്ധജലവിതരണത്തിനും ഈ സർക്കാർ നടപ്പിലാക്കിവരുന്ന നടപടികൾ വിശദമാക്കുമോ ; | (എ) ജലസംരക്ഷണം ലക്ഷ്യമിട്ട് നദീതട/നീർത്തട അടിസ്ഥാനത്തിൽ കുളങ്ങളുടെ നവീകരണവും സംഭരണശേഷി വർദ്ധിപ്പിക്കലും പദ്ധതികൾ ജലസേചന വകുപ്പ് നടപ്പിലാക്കി വരുന്നു. 'ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി', 'കുളം നവീകരണ പുനരുദ്ധാരണ പദ്ധതി', എന്നീ പദ്ധതികളിലൂടെയാണ് ഇവ നടപ്പിലാക്കി വരുന്നത്.<br>നദികളിലെ നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്നതിനു വേണ്ടി കേരള വാട്ടർ അതോറിറ്റി ചെക്ക് ഡാമുകൾ നിർമ്മിക്കാറുണ്ട്. കൂടാതെ ജലം മലിനീകരിക്കാതിരിക്കുന്നതിന് പ്രത്യേകിച്ച് ഓരുജലം, ഉപ്പുവെള്ളം കയറി കുടിവെള്ള സ്രോതസ്സുകൾ ഉപയോഗയോഗ്യമല്ലാതായി മാറാതിരിക്കാൻ തടയണകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അതതു സമയങ്ങളിൽ നൽകാറുണ്ട്. ജലഅതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾക്കു സമീപം പരസ്യ ബോർഡുകൾ സ്ഥാപിച്ചും പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തിയും മലിനീകരണം തടഞ്ഞ് ജലം സംരക്ഷിക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.<br>ജല സംരക്ഷണത്തിനും കുടിവെള്ള വിതരണത്തിനുമായി ഭൂജല വകുപ്പ് പല പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്. പൂർണ്ണമായോ ഭാഗികമായോ കുടിവെള്ള ലഭ്യത ഇല്ലാത്ത പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിച്ച് ഭൂജലത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൻ കീഴിൽ ചെറുകിട കുടിവെള്ള പദ്ധതികൾ, ഹാൻഡ് പമ്പ് പിടിപ്പിച്ച പദ്ധതികൾ എന്നിവ നടപ്പാക്കി വരുന്നു. കൂടാതെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൻ കീഴിലും ഇത്തരം കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ട്.<br>സംസ്ഥാനത്തെ ഭൂജല സംരക്ഷണത്തിനും, പരിപോഷണത്തിനുമായി ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൻ കീഴിൽ ചെറിയ തടയണകൾ, വി.സി.ബി കൾ, അടിയണകൾ |

| | |
|---|---|
| | എന്നിവയുടെ നിർമ്മാണവും തുറന്ന കിണറുകൾ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണ പദ്ധതികളും വകുപ്പ് നടപ്പാക്കി വരുന്നു. ഇത് കൂടാതെ സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നടപ്പാക്കി വരുന്നു.<br>കേരള വാട്ടർ അതോറിറ്റി ശുദ്ധജലവിതരണത്തിനായി സ്രോതസ്സുകൾ, ശുദ്ധീകരണശാല, പമ്പുഹൗസ്, വിതരണകുഴലുകൾ ഇവ കൃത്യമായി നിരീക്ഷിക്കുകയും 24 മണിക്കൂറും കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി ശുദ്ധജലവിതരണം മെച്ചപ്പെടുത്തി വരുന്നു. നിലവിലുള്ള പദ്ധതികളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി ജല സ്രോതസ്സുകളുടെ നവീകരണവും ജലവിതരണം സുഗമമാക്കുന്നതിന് കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ, പമ്പ് മാറ്റി സ്ഥാപിക്കൽ എന്നീ പണികളും സമയാസമയങ്ങളിൽ നടപ്പാക്കുന്നുണ്ട്. കൂടാതെ വർദ്ധിച്ചുവരുന്ന ഉപഭോഗം കണക്കിലെടുത്ത് പുതിയ പദ്ധതികൾ കേന്ദ്രസർക്കാർ, നബാർഡ് തുടങ്ങിയവയുടെ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ജല ശുദ്ധീകരണത്തിനായി ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിക്കുകയും ക്വാളിറ്റി കൺട്രോൾ വിഭാഗം വഴി ഗുണനിലവാരം ഉറപ്പു വരുത്തിയുമാണ് ശുദ്ധജലവിതരണം നടത്തുന്നത്.<br>ലോകബാങ്ക് സഹായത്തോടെ കേരള സർക്കാർ നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി (ജലനിധി) മുഖേന 92 ഗ്രാമപഞ്ചായത്തുകളിലായി 1650 ശുദ്ധജല പദ്ധതികൾ നടപ്പിലാക്കിവരുന്നു. മേൽ പറഞ്ഞ പഞ്ചായത്തുകളിൽ തയ്യാറാക്കിയിട്ടുള്ള ജലസുരക്ഷാപഠന റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള ചെറിയ ചെക്ക് ഡാം, ഭൂഗർഭ തടയണ, മേൽക്കൂരവഴി ശേഖരിക്കുന്ന മഴവെള്ള സംഭരണി, കിണറുകളുടെ പരിപോഷണം തുടങ്ങിയവയിലൂടെ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) ജലസംരക്ഷണത്തിനായി പഞ്ചായത്തുകളിലെ കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി)പരമ്പരാഗത ജല സ്രോതസ്സുകളായ കുളങ്ങളുടെ പുനരുദ്ധാരണവും നവീകരണവും ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ പദ്ധതിയായ 'Repair, Renovation and Restoration of Ponds' പദ്ധതിയുടെ മാർഗ്ഗരേഖയനുസരിച്ച് നീർത്തട അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കാൻ ഫീൽഡ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) ' മിഷൻ 676' ൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് ഇതിനായി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ജലനിധി രണ്ടാം ഘട്ട പദ്ധതിയിലൂടെ വിവിധ ജില്ലകളിലായി ഏകദേശം 9.6 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായുള്ള 1550 ശുദ്ധജലവിതരണ പദ്ധതികളാണ് മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | |
|---|---|
| | ' മിഷൻ 676' ൽ ഉൾപ്പെടുത്തി ചെറുതും വലുതുമായ 154 കുടിവെള്ളപദ്ധതികളാണ് ശുദ്ധജലവിതരണത്തിനായി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## മിഷൻ 676

# ആദ്യത്തെ 100 ദിവസങ്ങൾക്കകം പൂർത്തീകരിക്കുന്ന പദ്ധതികൾ

**തിരുവനന്തപുരം ജില്ല**

- പള്ളിച്ചൽ ബാലരാമപുരം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി (ഭാഗികം)
- വർക്കല മുനിസിപ്പാലിറ്റി ത്വരിത ഗ്രാമീണ പദ്ധതി മൂന്നാം ഘട്ടം
- അണ്ടൂർക്കോണം പഞ്ചായത്തിലെ ആനത്താഴ്ച്ചിറ കുളം - ഒന്നാംഘട്ടം
- നെടുമങ്ങാട് മുനിസിപ്പാലിറ്റി ജലവിതരണപദ്ധതി - പുനരുദ്ധാരണം
- വെള്ളനാട് പഞ്ചായത്തിലെ കുതിരകുളം ശുദ്ധജല വിതരണ പദ്ധതി വിതരണ ശൃംഖല- രണ്ടാം ഘട്ടം

**പത്തനംതിട്ട ജില്ല**

- കവിയൂർ കുന്നന്താനം വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി-ഒന്നാം ഘട്ടം
- കവിയൂർ കുന്നന്താനം വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി- രണ്ടാം ഘട്ടം

**ആലപ്പുഴ ജില്ല**

- ചെറിയനാട് കുടിവെള്ള പദ്ധതി

**കോട്ടയം ജില്ല**

- ഏറ്റുമാനൂരും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി

**എറണാകുളം ജില്ല**

- ഫിഷറീസ്/ജിഡ ഡെപ്പോസിറ്റ് വർക്ക് എറണാകുളം ജില്ലയിൽ വൈപ്പിൻ ദ്വീപിലെ എടവനക്കാട്, കുഴിപ്പിള്ളി പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി
- ജിഡ ധനസഹായത്തോടെ കടമക്കുടി പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി
- ജന്റം ധനസഹായത്തോടു കൂടിയുള്ള കൊച്ചി ബൃഹത് കുടിവെള്ള പദ്ധതി

**തൃശൂർ ജില്ല**

- മേത്തല, എറിയാട്, എടവിലങ്ങ്, കാടുകുറ്റി ശുദ്ധജലവിതരണ പദ്ധതി

S-390

# 101 മുതൽ 200 ദിവസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുന്ന പദ്ധതികൾ

**തിരുവനന്തപുരം ജില്ലയിൽ**

- കുന്നത്തുകാൽ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി- വിപുലീകരണം (ഭാഗികം)
- ഇടക്കോടും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി
- ഇടക്കോട് കീഴേത്തോന്നക്കൽ മേലേത്തോന്നക്കൽ പള്ളിപ്പുറം വെയിലൂർ വില്ലേജുകൾക്കു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി
- നാവായിക്കുളം കുടവൂർ ശുദ്ധജലവിതരണ പദ്ധതി - (രണ്ടാം ഘട്ടം)
- കരകുളം പഞ്ചായത്ത് - മൈലാടുംപാറ ചെറുകിട ശുദ്ധജലവിതരണ പദ്ധതി

**കൊല്ലം ജില്ല**

- വെസ്റ്റ് കല്ലട, ശൂരനാട് തെക്ക് ശാസ്താംകോട്ട ശുദ്ധജല വിതരണ പദ്ധതി
- കുളത്തൂപ്പുഴയ്ക്കും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി
- കുളക്കട, പവിത്രേശ്വരം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി
- തേവലക്കര, തെക്കും ഭാഗം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി

**പത്തനംതിട്ട ജില്ല**

- റാന്നി, പഴവങ്ങാടി വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി- ഒന്നാം ഘട്ടം
- റാന്നി, പഴവങ്ങാടി വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി- രണ്ടാം ഘട്ടം (വിതരണ ശൃംഖല)
- വള്ളിക്കോട്, കൊടുമൺ വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി - ഒന്നാം ഘട്ടം
- വള്ളിക്കോട്, കൊടുമൺ വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി - രണ്ടാം ഘട്ടം

**പാലക്കാട് ജില്ല**

- കരിമ്പുഴ ശുദ്ധജലവിതരണ പദ്ധതി

**കോഴിക്കോട് ജില്ല**

- പാലേരി ശുദ്ധജല വിതരണ പദ്ധതി

<u>മലപ്പുറം ജില്ല</u>

- മൂർക്കനാട് ശുദ്ധജലവിതരണ പദ്ധതി - ഒന്നാം ഘട്ടം

<u>കണ്ണൂർ ജില്ല</u>

- പുഴാതി പഞ്ചായത്തിലെ പയങ്കോടൻപാറ കുടിവെള്ള പദ്ധതി

S-390

# 201 മുതൽ 300 ദിവസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുന്ന പദ്ധതികൾ

**തിരുവനന്തപുരം ജില്ലയിൽ**

- കഴക്കൂട്ടം മേനംകുളം വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി (ഭാഗികം)
- കഴക്കൂട്ടം മേനംകുളം വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി (രണ്ടാം ഘട്ടം)
- കഴക്കൂട്ടം - ശുദ്ധജലവിതരണ പദ്ധതി (ഒ.ജി.)
- അയിരൂപ്പാറ ശുദ്ധജലവിതരണ പദ്ധതി
- അയിരൂപ്പാറ ശുദ്ധജലവിതരണ പദ്ധതി - രണ്ടാം ഘട്ടം
- നെടുമങ്ങാട് നഗര ശുദ്ധജലവിതരണ പദ്ധതി - പുനരുദ്ധാരണം - രണ്ടാം ഘട്ടം
- വർക്കല നഗര ശുദ്ധജലവിതരണ പദ്ധതി - പുനരുദ്ധാരണം
- പള്ളിപ്പുറം ടെക്നോസിറ്റി ശുദ്ധജലവിതരണ പദ്ധതി

**കൊല്ലം ജില്ല**

- പട്ടാഴി, വടക്കേക്കര പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി
- മൈലം, തലവൂർ, പിടവൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി

**ആലപ്പുഴ ജില്ല**

- ഭരണിക്കാവിലെ സമഗ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി
- നൂറനാട് ചുനക്കര ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി
- മാന്നാർ കുരട്ടിശ്ശേരിയും അനുബന്ധ വില്ലേജുകളും ഉൾപ്പെടുന്ന ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി
- ആലപ്പുഴ നഗരപ്രദേശത്തിനും അമ്പലപ്പുഴയിലെ 8 പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ബൃഹത്തായ ശുദ്ധജലവിതരണ പദ്ധതി

**കോട്ടയം ജില്ല**

- മണിമലയും സമീപഗ്രാമങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി

**ഇടുക്കി ജില്ല**

- ആലക്കോട്, ഉടുമ്പന്നൂർ, കരിമണ്ണൂർ, നെയ്യശ്ശേരി, കോടികുളം വില്ലേജ് - കുടിവെള്ള പദ്ധതി
- വണ്ണപ്പുറം പഞ്ചായത്ത് - കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം
- വണ്ണപ്പുറം പഞ്ചായത്ത് - കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം

S-390

6 **<u>എറണാകുളം ജില്ല</u>**

- അയമ്പുഴ പഞ്ചായത്തിലെ അമലാപുരം, തട്ടുപാറ എന്നീ പ്രദേശങ്ങൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി

**<u>തൃശൂർ ജില്ല</u>**

- കാട്ടൂർ, പടിയൂർ, പൂമംഗലം അനുബന്ധവില്ലേജുകൾക്കു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി

**<u>പാലക്കാട് ജില്ല</u>**

- ശ്രീകൃഷ്ണപുരം-കടമ്പഴിപുരം-വെളിനേഴി-പൂക്കോട്ട്കാവ് ശുദ്ധജലവിതരണ പദ്ധതി
- ഒറ്റപ്പാലം ശുദ്ധജലവിതരണ പദ്ധതി

**<u>മലപ്പുറം ജില്ല</u>**

- തിരുനാവായ ശുദ്ധജലവിതരണ പദ്ധതി - ഒന്നാം ഘട്ടം

**<u>കോഴിക്കോട് ജില്ല</u>**

- മടവൂർ ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണം

**<u>കണ്ണൂർ ജില്ല</u>**

- കൂത്തുപറമ്പ നഗരസഭാ കുടിവെള്ള പദ്ധതി

# 301 മുതൽ 400 ദിവസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുന്ന പദ്ധതികൾ

**തിരുവനന്തപുരം ജില്ലയിൽ**

- ജന്റം - തിരുവനന്തപുരം ശുദ്ധജലവിതരണ പദ്ധതി - പാക്കേജ് - 4
- അണ്ടൂർക്കോണം പഞ്ചായത്തിലെ ആനത്താഴ്ച്ചിറ കുളം - പുനരുദ്ധാരണം - രണ്ടാം ഘട്ടം
- വിതുര തൊളിക്കോട് സമഗ്ര കുടിവെള്ള പദ്ധതി
- കിളിമാനൂർ പഴയകുന്നുമ്മേൽ മടവൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഭാഗീകം
- ഒറ്റശേഖരമംഗലം ശുദ്ധജലവിതരണ പദ്ധതി ഒന്നാം ഘട്ടം
- ഒറ്റശേഖരമംഗലം ശുദ്ധജലവിതരണ പദ്ധതി രണ്ടാം ഘട്ടം

**പത്തനംതിട്ട ജില്ല**

- നിരണം, കടപ്ര, നെടുംപുറം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി

**ആലപ്പുഴ ജില്ല**

- പാലമേൽ, താമരക്കുളം പഞ്ചായത്തുകളിലെക്കുള്ള ദേശീയ ഗ്രാമീണശുദ്ധജലവിതരണ പദ്ധതി

**കോട്ടയം ജില്ല**

- കുമരകം-തിരുവാർപ്പ് സമഗ്ര ശുദ്ധജലവിതരണ പദ്ധതി
- കാഞ്ഞിരപ്പള്ളി, എലിക്കുളം, ചിറക്കടവ് ഭാഗങ്ങളിലേക്കുള്ള ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി
- കാഞ്ഞിരപ്പള്ളി, എലിക്കുളം, ചിറക്കടവ് ഭാഗങ്ങളിലേക്കുള്ള ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി (വിതരണം)
- എരുമേലി ശുദ്ധജല വിതരണ പദ്ധതി
- കാണക്കാരി - മാഞ്ഞൂർ ശുദ്ധജല വിതരണ പദ്ധതി

**ഇടുക്കി ജില്ല**

- മണക്കാട്, പുറപ്പുഴ കുടിവെള്ളപദ്ധതി
- തൊടുപുഴ നഗര ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം (പൈപ്പ് മാറ്റി സ്ഥാപിക്കൽ)
- പെരുവന്താനം കൊക്കയാർ പഞ്ചായത്ത് - ഉയർന്ന പ്രദേശത്തേക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി

**എറണാകുളം ജില്ല**

- മഞ്ഞള്ളൂർ പഞ്ചായത്തിന്റെ ജലവിതരണ പദ്ധതിയുടെ മെച്ചപ്പെടുത്തൽ

6

S-390

**<u>തൃശൂർ ജില്ല</u>**

- ചെറുതുരുത്തി, നെടുമ്പുര വില്ലേജുകൾക്കു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി
- മണലൂർ, കാരമുക്ക് വില്ലേജുകൾക്കു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി
- ഗുരുവായൂർ, ചാവക്കാട് മുനിസിപ്പാലിറ്റികൾക്കു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി പദ്ധതി
- വെങ്കിടങ്ങും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി
- കോലാഴി, കുറ്റൂർ, പൊട്ടൂർ ശുദ്ധജലവിതരണ പദ്ധതി

**<u>പാലക്കാട് ജില്ല</u>**

- നെല്ലായി, കുലുക്കല്ലൂർ ശുദ്ധജലവിതരണ പദ്ധതി
- കാരക്കുറിശ്ശി, തച്ചൻപാറ ശുദ്ധജലവിതരണ പദ്ധതി
- കൊടുമ്പ, പുൽപ്പള്ളി ശുദ്ധജലവിതരണ പദ്ധതി
- ശ്രീകൃഷ്ണപുരം വിതരണ ശൃംഖല ദീർഘിപ്പിക്കൽ
- കരിമ്പുഴ ശുദ്ധജലവിതരണ പദ്ധതി

**<u>മലപ്പുറം ജില്ല</u>**

- ചീക്കോടും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി
- കൂമൻചിറ ശുദ്ധജലവിതരണ പദ്ധതി
- മൂർക്കനാട് ശുദ്ധജലവിതരണ പദ്ധതി – രണ്ടാം ഘട്ടം
- തിരുനാവായ ശുദ്ധജലവിതരണ പദ്ധതി – രണ്ടാം ഘട്ടം
- മൂർക്കനാട് ശുദ്ധജലവിതരണ പദ്ധതി –മൂന്നാം ഘട്ടം

**<u>കോഴിക്കോട് ജില്ല</u>**

- ചാത്തമംഗലം ശുദ്ധജലവിതരണ പദ്ധതി
- പാലയ്ക്കൽ, പേവുംകോട്ടുമ്മൽ ശുദ്ധജലവിതരണ പദ്ധതി

**<u>വയനാട് ജില്ല</u>**

- കൃഷ്ണഗിരി – പുറക്കൊടി ശുദ്ധജലവിതരണ പദ്ധതി
- കള്ളിയോട്ടു കുന്ന് ശുദ്ധജലവിതരണ പദ്ധതി
- യു.ഐ.ഡി.എസ്.എസ്.എം.ടി. (UIDSSMT) കൽപ്പറ്റ ശുദ്ധജലവിതരണ പദ്ധതി

**കണ്ണൂർ ജില്ല**

- കണ്ണൂർ നഗരസഭാ കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം
- കൊളച്ചേരി ശുദ്ധജലവിതരണ പദ്ധതിയുടെ പൈപ്പ് സ്ഥാപിക്കൽ

**കാസർഗോഡ് ജില്ല**

- കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലേക്കുള്ള കുടിവെള്ള പദ്ധതി - പനത്തടി പഞ്ചായത്ത്

S-390

# 401 മുതൽ 500 ദിവസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുന്ന പദ്ധതികൾ

**തിരുവനന്തപുരം ജില്ലയിൽ**

- ഇലകമൺ, ചെമ്മരുതി പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ നവീകരണം
- വെട്ടൂർ പഞ്ചായത്ത് കാക്കക്കുഴി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ ഉറവിട സംരക്ഷണം

**ഇടുക്കി ജില്ല**

- പീരുമേട്, വണ്ടിപ്പെരിയാർ പഞ്ചായത്ത് - ഉയർന്ന പ്രദേശത്തിലേക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി
- ഇരട്ടയാർ പഞ്ചായത്ത് കുടിവെള്ള പദ്ധതി - പൈപ്പ് നീട്ടൽ
- വാഴത്തോപ്പ് പഞ്ചായത്തിലെ പൈനാവ് കോളനി, ചെറുതോണി, താണിക്കം കുടിവെള്ള പദ്ധതി

**എറണാകുളം ജില്ല**

- ജിഡ ധനസഹായത്തോടെ എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം എന്നീ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി

**പാലക്കാട് ജില്ല**

- പെരിങ്ങോട്ടുക്കുറിശ്ശി-കുത്തന്നൂർ ശുദ്ധജലവിതരണ പദ്ധതി
- കുഴൽമന്ദം, തേങ്കുറിശ്ശി - കണ്ണാടി ശുദ്ധജലവിതരണ പദ്ധതി
- കുഴൽമന്ദം, തെങ്കുറിശ്ശി - കണ്ണാടി കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം
- ആനക്കര, പട്ടിത്തറ ശുദ്ധജലവിതരണ പദ്ധതി

**മലപ്പുറം ജില്ല**

- നിലമ്പൂർ ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണം

**കോഴിക്കോട് ജില്ല**

- ജിക്ക ധനസഹായത്തോടെ നടപ്പിലാക്കുന്ന ബൃഹത്തായ കോഴിക്കോട് ശുദ്ധജലവിതരണ പദ്ധതി

**കാസർഗോഡ് ജില്ല**

- കാസർഗോഡ് ജില്ലയിലെ കല്ലാർ പഞ്ചായത്തിലെ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലേക്കുള്ള കുടിവെള്ള പദ്ധതി

# 501 മുതൽ 600 ദിവസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുന്ന പദ്ധതികൾ

**തിരുവനന്തപുരം ജില്ലയിൽ**

- പാറശ്ശാല ശുദ്ധജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണം

**ഇടുക്കി ജില്ല**

- കുമിളി കുടിവെള്ള പദ്ധതിയുടെ വിപുലീകരണം
- കുമിളി പഞ്ചായത്ത് - ഉയർന്ന പ്രദേശത്തേക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണം

**തൃശൂർ ജില്ല**

- കാറളം പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി (വിതരണശൃംഖലയും ടാങ്കും)

**മലപ്പുറം ജില്ല**

- മൂർക്കനാട് - മങ്കട ശുദ്ധജലവിതരണ പദ്ധതി
- തിരുനാവായ - മാറാക്കര ശുദ്ധജലവിതരണ പദ്ധതി

S-390

# 601 മുതൽ 676 ദിവസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുന്ന പദ്ധതികൾ

**തിരുവനന്തപുരം ജില്ലയിൽ**

- കല്ലിയൂർ, വെങ്ങാനൂർ സമഗ്ര ശുദ്ധജലവിതരണ പദ്ധതി
- കോവളം ടൂറിസം ഏരിയക്കു വേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി
- നെയ്യാറ്റിൻകര നഗരസഭ ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണം
- പാറശ്ശാലക്കും സമീപ വില്ലേജുകൾക്കും മറുകിൽ, മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി
- മണ്ണൂർക്കര, വീരണകാവ്, പെരുംകുളം ശുദ്ധജലവിതരണ പദ്ധതി
- വാമനപുരം നദിക്കു കുറുകെ നിർമ്മിക്കുന്ന ചെക്ക് ഡാം
- പള്ളിക്കൽ മടവൂർ ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണം

**പത്തനംതിട്ട ജില്ല**

- പെരിങ്ങറ ശുദ്ധജല വിതരണ പദ്ധതി
- പന്തളം ശുദ്ധജല വിതരണ പദ്ധതിയുടെ രണ്ടാം ഘട്ടം

**കോട്ടയം ജില്ല**

- ചെമ്പു വില്ലേജിലെ ഗുണനിലവാരബാധിത അധിവാസകേന്ദ്രത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി

**ഇടുക്കി ജില്ല**

- ഏലപ്പാറ പഞ്ചായത്ത് - ഉയർന്ന പ്രദേശത്തേക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി
- ഇരട്ടയാർ പഞ്ചായത്ത് കുടിവെള്ള പദ്ധതി - പൈപ്പ് നീട്ടൽ (കൽക്കൂന്തൽ വില്ലേജ്)
- കട്ടപ്പന, അയ്യപ്പൻകോവിൽ വില്ലേജുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി
- കട്ടപ്പന പഞ്ചായത്തിലെ ഉയർന്ന പ്രദേശത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി
- കാഞ്ചിയാർ പഞ്ചായത്തിലെ ഉയർന്ന പ്രദേശത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി
- അയ്യപ്പൻകോവിൽ പഞ്ചായത്തിലെ ഉയർന്ന പ്രദേശത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി

**എറണാകുളം ജില്ല**

- വാഴക്കുളം, കിഴക്കമ്പലം, കുന്നത്തുനാട് എന്നീ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി

**പാലക്കാട് ജില്ല**

- പെരുവമ്പ് ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണം

- നെന്മാറ അയിലൂർ മേലാർകോട് ശുദ്ധജലവിതരണ പദ്ധതി- ഒന്നാം ഘട്ടം
- മണ്ണാർകാട്, തെങ്കര ശുദ്ധജലവിതരണ പദ്ധതി ഒന്നാം ഘട്ടം (സ്രോതസ്സ് വിപുലീകരണം)
- മണ്ണാർകാട്, തെങ്കര ശുദ്ധജലവിതരണ പദ്ധതി ഒന്നാം ഘട്ടം
- ചിറ്റൂർ, തത്തമംഗലം ശുദ്ധജലവിതരണ പദ്ധതി
- പൊറ്റശ്ശേരി ശുദ്ധജലവിതരണ പദ്ധതി

**<u>മലപ്പുറം ജില്ല</u>**

- കൊണ്ടോട്ടി- നെടിയിരുപ്പ് ശുദ്ധജലവിതരണ പദ്ധതി
- അങ്ങാടിപ്പുറം ശുദ്ധജലവിതരണ പദ്ധതി - രണ്ടാംഘട്ടം
- കണ്ണമംഗലം ശുദ്ധജലവിതരണ പദ്ധതി

**<u>കോഴിക്കോട് ജില്ല</u>**

- കായക്കൊടി ശുദ്ധജലവിതരണ പദ്ധതി
- തൂണേരി ശുദ്ധജലവിതരണ പദ്ധതി
- നരിപ്പറ്റ ശുദ്ധജലവിതരണ പദ്ധതി
- വളയം ശുദ്ധജലവിതരണ പദ്ധതി
- വാണിമേൽ ശുദ്ധജലവിതരണ പദ്ധതി
- നാദാപുരം ശുദ്ധജലവിതരണ പദ്ധതി
- ഉണ്ണികുളം - ശിവപുരം ശുദ്ധജലവിതരണ പദ്ധതി
- ഫറോക്ക് - കറുവന്തുരത്തി ശുദ്ധജലവിതരണ പദ്ധതി
- കുറ്റ്യാടി ശുദ്ധജല വിതരണ പദ്ധതി

**<u>വയനാട് ജില്ല</u>**

- സരോജ എസ്റ്റേറ്റ് ശുദ്ധജലവിതരണ പദ്ധതി
- മാനന്തവാടി ഇടവക ശുദ്ധജലവിതരണ പദ്ധതി
- തരിയോട് പുഴതുന്ന ശുദ്ധജലവിതരണ പദ്ധതി

**<u>കണ്ണൂർ ജില്ല</u>**

- പാട്ടിയം, കോട്ടയം കുടിവെള്ള പദ്ധതി

**<u>കാസർഗോഡ് ജില്ല</u>**

- മുന്നാട്, ബേഡഡുക്ക, കുറ്റിക്കോൽ വില്ലേജുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി

Section Officer